ക്ലാസ്.6
യൂണിറ്റ്.2
കലയുടെ കേദാരം
കേരളപാഠാവലി.

# പാഠം 3
# പടയണി

## പാഠവിശകലനം

പാഠത്തിന്റെ പേര് : പടയണി

അദ്ധ്യാപികയുടെ പേര് : രഞ്ജന. ആർ

പ്രതീക്ഷിക്കുന്ന സമയം : 8 പിരീഡ്

പഠനനേട്ടങ്ങൾ : കലകളെക്കുറിച്ചും കലാകാരന്മാരെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് കുറിപ്പു തയ്യാറാക്കുന്നു.
: ആശയങ്ങൾ വിശകലനം ചെയ്ത് ചർച്ചകളിൽ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നു

ആശയം/ധാരണ : കേരളം നാടൻ കലകളാൽ സമ്പന്നമാണ്
: ഓരോ പ്രദേശത്തിനും അവരുടേതായ തനത് കലാരൂപങ്ങളുണ്ട്.
: കലകൾ ജീവിതവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നു.
: ശൈലികളും പ്രയോഗങ്ങളും രചനയ്ക്ക് മിഴിവേകുന്നു.

പ്രവർത്തനങ്ങൾ : വായന, ഭാഷണം, പദങ്ങളുടെ അർത്ഥം കണ്ടെത്തൽ, ശൈലികൾ വിശകലനം ചെയ്യൽ, ആശയപടം നിർമ്മിക്കൽ, കുറിപ്പു തയ്യാറാക്കൽ, ആൽബം നിർമ്മാണം

പഠനത്തെളിവുകൾ : ശൈലികൾ, ആശയപടം, കലകളെക്കുറിച്ചുള്ള കുറിപ്പ്, ആൽബം

വിലയിരുത്തൽ : കുറിപ്പ് തയ്യാറാക്കുന്നതിലെ മികവ്, ചർച്ചയിലെ പങ്കാളിത്തം

സാമഗ്രികൾ : HB, TB, laptop, Projector,
ചാർട്ട്, മാർക്കർ, ചോക്ക്
Video, audio – പടയണിപ്പാട്ടുകൾ.
പടേനി : ലേഖനം : കടമ്മനിട്ട വാസുദേവൻപിള്ള.

മനുഷ്യജീവിതവുമായും ആചാരാനുഷ്ഠാനങ്ങളുമായും ബന്ധപ്പെട്ടാണ് കലകൾ വികാസം പ്രാപിച്ചത്. പടയണി, തെയ്യം തുടങ്ങി ധാരാളം നാടൻ കലകൾ കേരളത്തിലുണ്ട്. ഓരോ പ്രദേശത്തും അവിടുത്തെ ജനങ്ങളുടെ ജീവിതവുമായും വിശ്വാസങ്ങളുമായും ബന്ധപ്പെട്ട കലാരൂപങ്ങളുണ്ടാകും. മധ്യതിരുവിതാംകൂറിലെ ദേവീക്ഷേത്രങ്ങളിൽ അരങ്ങേറി വരുന്ന അനുഷ്ഠാന നാടകമാണ് പടയണി. ഇതിനെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനും നാടൻകലകളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനും സഹായകമായ വിധത്തിൽ മലയാളത്തിലെ പ്രസിദ്ധകവി ഡി. വിനയചന്ദ്രൻ എഴുതിയ ലേഖനമാണ് പാഠഭാഗം

## ദൈനംദിനാസൂത്രണം

- വിവിധ കലകളുടെ വർണ്ണാഭമായ ചിത്രങ്ങൾ ഉൾപ്പെടുത്തിയുള്ള വീഡിയോ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. (കഥകളി, തുള്ളൽ, പടയണി, തെയ്യം
- കലാരൂപങ്ങളുടെ പേരുകൾ കുട്ടികൾ കണ്ടെത്തി പറയുന്നു.
- ഇത്തരം കലകൾ സാധാരണ എവിടെയാണ് അവതരിപ്പിക്കാറുള്ളത്

  [തുള്ളൽ, കഥകളി, തെയ്യം തുടങ്ങിയ കലകളെല്ലാം ക്ഷേത്രങ്ങളിലാണ് അവതരിപ്പിക്കുന്നത്]

- കഥകളി, തുള്ളൽ പോലെയുള്ള കലകളിൽനിന്നും തെയ്യം / പടയണി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.

  [കഥകളിയും തുള്ളലുമെല്ലാം വേദിയിൽ അവതരിപ്പിക്കുമ്പോൾ മറ്റുള്ളവ കാണികളുടെ നടുക്കാണ് (വേദിയിൽ അല്ല) അവതരിപ്പിക്കുന്നത്]

- നാടൻകലകളും ശാസ്ത്രീയ കലകളും തമ്മിലുള്ള വ്യത്യാസം കുട്ടികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നു.

### നാടൻ കലകൾ:

നാടൻ കലകൾ പ്രാദേശിക സംസ്കാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നിയതമായ ഗ്രന്ഥപാഠം ഇവയ്ക്കില്ല. ഏതെങ്കിലുമൊരു പുരാവൃത്തത്തെ അടിസ്ഥാനമാക്കിയുള്ള കഥാംശം നാടൻ കലകളിൽ കാണാം. തെയ്യം, തിറ, മുടിയേറ്റ്, പടയണി തുടങ്ങിയ കലകളിലെല്ലാം അതത് പ്രദേശത്തിന്റെ സംസ്കാരവും വേഷവിധാനവും വാമൊഴിവഴക്കവും കാണാം. സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം നാടൻ കലകളുടെ സവിശേഷതയാണ്.

<u>ശാസ്ത്രീയ കലകൾ</u> : ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ നിയമങ്ങളാണ് ഈ കലകളുടെ സവിശേഷത. അഭിനയ സങ്കേതങ്ങളിൽ വേഷവിധാനത്തിൽ, സംഗീത താളങ്ങളിൽ എല്ലാം ഇവ ദേശഭേദമെന്യേ സമാനത പുലർത്തുന്നു. കഥകളി, കൂത്ത്, കൂടിയാട്ടം തുടങ്ങിയവ ഉദാഹരണങ്ങളാണ്. വ്യവസ്ഥാപിതമായ ക്രമം ഇവയുടെ പ്രത്യേകതയാണ്. ചിട്ടയാണ് ശാസ്ത്രീയ കലകളുടെ മുഖമുദ്ര. ക്ലാസിക്കൽ കലകൾ അവതരിപ്പിക്കാൻ നിയതമായ അരങ്ങ് അവശ്യമാണ്.

- തെയ്യം/പടയണിയുടെ ചിത്രം വീണ്ടും ക്ലാസിൽ പ്രദർശിപ്പിക്കുന്നു.
- ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി അവതരിപ്പിക്കാറുള്ളതാണ് ഇവയെന്ന് പരിചയപ്പെടുത്തിക്കൊണ്ട് പാഠാവതരണം നടത്തുന്നു.
- അധ്യാപിക ഉചിതമായ ഭാവത്തോടെ പാഠം വായിച്ചവതരിപ്പിക്കുന്നു.
- കുട്ടികൾ ഓരോരുത്തരായി പാഠഭാഗം വായിക്കുന്നു. (എല്ലാ കുട്ടികളും വായനയിൽ പങ്കാളികളാകുന്നു)

- <u>വായിക്കാം പറയാം</u>
  - പാഠഭാഗം വീണ്ടും വായിക്കാൻ നിർദ്ദേശം നൽകുന്നു.
  - ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ.

    ? പടയണിയിൽ ഏതൊക്കെ കോലങ്ങൾ ഉപയോഗിക്കാറുണ്ട്?

    ? പാട്ടിൽ എന്തിനെക്കുറിച്ചെല്ലാം പരാമർശിച്ചിട്ടുണ്ട്

    ? ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്?
  - എല്ലാ കുട്ടികൾക്കും ഉത്തരം പറയാൻ അവസരം.

## വിലയിരുത്തൽ

## ശൈലീവിശേഷം

- പഠനപ്രവർത്തനത്തിൽ സൂചിപ്പിച്ച ശൈലി ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

"ഒരു കാലത്ത് ക്ഷേത്രങ്ങൾ, കാവുകൾ, കളരികൾ എന്നിവ കേന്ദ്രമാക്കി <u>അന്നം മുതൽ അരങ്ങു വരെയുള്ള</u> കാര്യവിചാരം നടന്നിരുന്നു."

- അന്നം, അരങ്ങ് ഈ പദങ്ങളുടെ അർത്ഥം എന്താണ്?
- ഇവയ്ക്ക് ജീവിതവുമായുള്ള ബന്ധം എന്താണ്?
  - ആഹാരം മനുഷ്യന് ഏറ്റവും ആവശ്യമായ അടിസ്ഥാന ഘടകമാണ്.
  - ജീവിതത്തെ ആസ്വാദ്യമാക്കുന്നതിനും, മനസികോല്ലാസത്തിനുമുള്ള വേദിയാണ് അരങ്ങ്.
- അന്നം മുതൽ അരങ്ങുവരെ എന്ന ശൈലിയുടെ ആശയം എന്താണ്?
  - ജീവിതത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊള്ളുന്നു എന്നതാണ് അതിന്റെ അർത്ഥം.
  - എല്ലാം ഉൾക്കൊള്ളുന്നു എന്ന ആശയത്തിലാണ് മറ്റ് സന്ദർഭങ്ങളിൽ ഇത് ഉപയോഗിക്കുന്നത്.

- 'ഉപ്പു തൊട്ട് കർപ്പൂരം വരെ' എന്ന ശൈലിയുടെ ആശയം കണ്ടെത്തി ഇതുമായി താരതമ്യം ചെയ്യുക.
- സമാനമായ മറ്റു ശൈലികൾ കണ്ടെത്തി പറയുക –
- പൊതു ചർച്ച.
  - അടി മുതൽ മുടി വരെ
  - ആപാദ ചൂഡം
  - നഖശിഖാന്തം

<u>ശൈലികൾ</u>

ജീവിതസന്ദർഭങ്ങളനുസരിച്ച്
വാക്കുകളുടെ അർത്ഥം മാറുമ്പോഴാണ് ശൈലികൾ ഉണ്ടാകുന്നത്. വാച്യാർത്ഥം മാത്രമേയുള്ളൂവെങ്കിൽ
അത് ശൈലി അല്ല. ലാക്ഷണികമോ, വ്യംഗ്യമോ ആയ
അർത്ഥം കൂടി വരുമ്പോഴാണ് ശൈലികളാകുന്നത്. തനിക്ക്
പറയാനുള്ള കാര്യം തീവ്രമായി മറ്റുള്ളവരിലേക്ക് വിനിമയം
ചെയ്യുമ്പോഴാണ് ശൈലി ആവശ്യമായി തീരുന്നത്.
സാന്ദ്രമായ വൈകാരികത ശൈലികളുടെ സവിശേഷതയാണ്.

## ആശയപടം പൂർത്തിയാക്കുക

- പാഠാരംഭത്തിലെ നമ്പ്യാർ കവിത അധ്യാപിക ക്ലാസിൽ ചൊല്ലുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

> " ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
> വടിവിയന്നൊരു ചാരുകേരളഭാഷ തന്നെ ചിതം വരൂ
> കടുപടെപ്പടു കഠിന സംസ്കൃത വികടകടു കവി കേറിയാൽ
> ഭടജനങ്ങൾ ശരിക്കയില്ല തിരിക്കമൊരുത്തരുമെദ്ദുടൻ"

കുഞ്ചൻ നമ്പ്യാരുടെ സഭാപ്രവേശം പറയൻതുള്ളലിലേതാണ് ഈ വരികൾ. തുള്ളലുകളിലെ ഭാഷാലാളിത്യത്തിനുള്ള ഒരു ക്ഷമാപണം എന്ന നിലയിൽ നമ്പ്യാർ എഴുതിച്ചേർത്തതാണിത്. വലിയ പഠിപ്പൊന്നുമില്ലാത്തവർക്കും എളുപ്പം മനസ്സിലാകുന്ന കാവ്യം ലളിതമായ ഭാഷ ഉപയോഗിക്കുന്നതിന് നമ്പ്യാർ പ്രത്യേകം മനസ്സിരുത്തിയിരുന്നു. ഭടജനങ്ങളെപ്പോലുള്ള സാധാരണക്കാരെ ഉദ്ദേശിച്ചാണ് താൻ തുള്ളലുകൾ നിർമ്മിക്കുന്നതെന്ന് കവി തന്നെ പല സ്ഥലത്തും തുറന്നു പറഞ്ഞിട്ടുണ്ട്. അത്തരക്കാർക്കിടയിൽ പണ്ഡിതോചിതമായ ഭാഷ വിലപ്പോവില്ലെന്നു മനസ്സിലാക്കാനുള്ള ഔചിത്യബോധം അദ്ദേഹത്തിനുണ്ടായിരുന്നു.

- കവിത ചാർട്ടിൽ പ്രദർശിപ്പിച്ചതിനു ശേഷം വരികളുടെ ആശയം പൊതുചർച്ച
  - ഭടജനങ്ങൾ ആരാണ്?
  - സാധാരണ ജനങ്ങളുടെ ഇടയിലുള്ള ഏത് കലാരൂപത്തെക്കുറിച്ചാണ് ഇതിൽ പറയുന്നത്.

ഭാഷയെക്കുറിച്ച് നമ്പ്യാർ പറയുമ്പോൾ പടയണി സാധാരണക്കാർക്കിടയിൽ പ്രചാരമുണ്ടായിരുന്ന കലയായിരുന്നു എന്നും അദ്ദേഹത്തിന്റെ മുമ്പു തന്നെ ആ കലാരൂപം നിലനിന്നിരുന്നുവെന്നും സൂചന ലഭിക്കുന്നു.

തുടർന്ന് പടയണിയുടെ ഐതിഹ്യം ചർച്ച ചെയ്യുന്നു.

- പടയണിയുടെ ഐതിഹ്യം - ചർച്ച
- ഐതിഹ്യം എന്നാൽ എന്താണ്?

ഒരു പ്രദേശത്തെ ജനങ്ങൾക്കിടയിലൂടെ കേട്ടും പറഞ്ഞും പ്രചരിച്ചു പോരുന്ന കഥകളാണ് ഐതിഹ്യങ്ങൾ. ഇങ്ങനെ എന്നർത്ഥം വരുന്ന 'ഇതി' എന്ന പദവും, 'പോൽ' എന്നർത്ഥമുള്ള 'ഹ' എന്ന ശബ്ദവും ചേരുമ്പോൾ കിട്ടുന്ന 'ഇതിഹ' എന്ന വാക്കിൽ നിന്നാണ് ഐതിഹ്യം എന്ന പദം ഉണ്ടായത്.

- പരിചിതമായ ചില ഐതിഹ്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു
    - കേരളോൽപ്പത്തി
    - ഓണം
    - പറയിപെറ്റ പന്തിരുകുലം
    -
    -
- പടയണിയെക്കുറിച്ചുള്ള ഐതിഹ്യം, വേഷവിധാനങ്ങൾ, പ്രതിപാദ്യ വിഷയങ്ങൾ എന്നിങ്ങനെ ഉപവിഷയങ്ങൾ ഓരോ ഗ്രൂപ്പിലും ചർച്ച
- കുറിപ്പ് തയ്യാറാക്കൽ
- മുൻ പാഠത്തിൽ പരിചയപ്പെട്ട പോലെ ശീർഷകങ്ങൾ ഈ പാഠത്തി-ലുപയോഗിക്കാൻ പറ്റുമോയെന്ന് കുട്ടികൾ പരിശോധിക്കുന്നു.
- ഉചിതമായ ശീർഷകങ്ങൾ നിർദ്ദേശിക്കുന്നു.

പടയണിയുടെ എന്തെല്ലാം പ്രത്യേകതകൾ ചർച്ച ചെയ്യാം?

- പ്രകൃതിയോടിണങ്ങുന്ന വേഷപ്പകർച്ച
- ഉപയോഗിക്കുന്ന വിവിധ കോലങ്ങൾ
- സമുദായ സൗഹാർദ്ദത്തിന്റെ തെളിവുകൾ
- അവതരിപ്പിക്കപ്പെടുന്ന പ്രദേശങ്ങൾ
- പടയണിപ്പാട്ടുകൾ

## പടയണിയുടെ വേഷപ്പകർച്ച

പച്ചപ്പാളയിലാണ് കോലം വരക്കുന്നത്. പ്രകൃതിദത്തമായ 5 നിറങ്ങൾ ആണ് കോലം വരക്കാൻ ഉപയോഗിക്കുന്നത്. പച്ച, വെള്ള, ചുവപ്പ്, മഞ്ഞ, കറുപ്പ്. പച്ചപ്പാളയിൽ തന്നെ രണ്ടു നിറമുണ്ട് പച്ചയും, വെളുപ്പും. മാവില വാട്ടിക്കരിച്ച് ചാലിച്ച് കറുപ്പുനിറം, പറമ്പുകളിൽ സുലഭമായി ലഭിക്കുന്ന ചണ്ണ ഇടിച്ചു പിഴിഞ്ഞ് മഞ്ഞ നിറം ചെങ്കല്ല് ചെത്തിച്ച് ചുവപ്പുനിറം. പ്രകൃതിയിൽ നിന്നെടുത്ത് പ്രകൃതിയിൽ ലയിക്കുന്ന വസ്തുക്കൾ മാത്രമേ കോലം നിർമ്മിക്കാൻ ഉപയോഗിക്കാറുള്ളൂ.

## ഉപയോഗിക്കുന്ന വിവിധ കോലങ്ങൾ:

മധ്യതിരുവിതാംകൂറിന്റെ തനതു കലയാണ് പടയണി. ഭൈരവി, പക്ഷി, യക്ഷി, കാലൻ, മാടൻ, മറുത, കുതിര തുടങ്ങിയവയാണ് പടയണിയിലെ പ്രധാന കോലങ്ങൾ (പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന 'കുഞ്ഞുണ്ണി' എന്ന കോലം പടയണിയിൽ ഇല്ല.)

ഭൈരവി – ആദിപരാശക്തിയുടെ ഭാവാവിഷ്കാരമാണ്. എല്ലാ ഐശ്വര്യ-ങ്ങളും നൽകുന്ന വാത്സല്യനിധിയായ അമ്മയുമാണ്.

പക്ഷിക്കോലം - പക്ഷിബാധയേൽക്കാതെ കുട്ടികളെ സംരക്ഷിക്കുന്നതാണ് പക്ഷിക്കോലം.

യക്ഷി : യക്ഷിക്കോലങ്ങൾ പലതാണ്. സുന്ദരയക്ഷി, അരക്കിയക്ഷി, അന്തരയക്ഷി, അംബരയക്ഷി .........

കാലൻകോലം: ഭയഭക്തിസമ്മിശ്രമായ അന്തരീക്ഷത്തെ സൃഷ്ടിക്കുന്നതാണ് കാലൻകോലം. മാർക്കണ്ഡേയ ചരിതമാണ് കാലൻ കോലത്തി-ന്റെ ഇതിവൃത്തം

മാടൻകോലം: നിഴൽ നോക്കിയടിക്കുന്ന ദുർദേവതയാണ് മാടൻകോലം

മറുതക്കോലം: കരവാസികളുടെ അമ്മദൈവമാണ്. രോഗദേവതയായ മറുത ദാരികാസുരന്റെ പത്നിയാണെന്നും സങ്കല്പം.

തലയിൽ എടുക്കാൻ പറ്റാത്ത കോലങ്ങളും ഉണ്ട് ഏറ്റവും വലുത് ആയിരത്തൊന്നു പാളക്കോലമാണ്.

## സമുദായസൗഹാർദ്ദത്തിന്റെ തെളിവുകൾ

ഒരു ജാതിരഹിത കൂട്ടായ്മയെ സൃഷ്ടിക്കുന്ന തരത്തിലുള്ള ചടങ്ങുകളും കോലങ്ങളെയും മറ്റു കഥാപാത്രങ്ങളെയും വീക്ഷിക്കുമ്പോൾ നമുക്ക് മനസ്സിലാകും. ഇന്നത്തെ സമൂഹത്തിന് മതമൈത്രിയുടെ സന്ദേശം കൂടി പടയണി നൽകുന്നുണ്ട്. എല്ലാ കലകളും ജനങ്ങൾക്കു വേണ്ടിയാണ് നിലനിൽക്കുന്നതെന്ന വലിയ സത്യം പടയണി മുന്നോട്ടു വയ്ക്കുന്നു. അറബിക്കുതിരക്കോലം പുരാതന കേരളീയരും അറബികളും തമ്മിലുള്ള വ്യാപാരസൗഹൃദങ്ങളെ സൂചിപ്പിക്കുന്നു..

## അവതരിപ്പിക്കുന്ന പ്രദേശങ്ങൾ

പാഠപുസ്തകത്തിൽ നിന്നും വ്യത്യസ്തമായി ഒരു ഏകദേശം മുപ്പത്തിരണ്ടോളം സ്ഥലങ്ങളിൽ പടയണി അവതരിപ്പിക്കപ്പെടുന്നു. കടമ്മനിട്ട, നാരങ്ങാനം, കവിയൂർ, കോട്ടാങ്ങൽ, ഇലന്തൂർ, വെട്ടൂർ കുരമ്പാല ........

- പുസ്തകത്തിൽ നൽകിയിട്ടുള്ള പടയണി ചിത്രങ്ങൾ ഏതെല്ലാമാണെന്ന് പരിചയപ്പെടുത്തുന്നു.
- പടയണി അഭ്യസിക്കുന്ന കുട്ടികൾ മുന്നിൽ ഉള്ളതിനാൽ കോലങ്ങൾ പരിചയപ്പെടുത്താൻ അവർക്ക് അവസരം നൽകുന്നു.
- വ്യക്തിഗതമായി ആശയപടം പൂർത്തിയാക്കൽ

**പടയണി**

| വേഷവിധാനം | മതസൗഹാർദ്ദം | കോലങ്ങൾ | പ്രദേശം |
|---|---|---|---|
| • പാള<br>• കുരുത്തോല<br>• കവിളകരി<br>• മഞ്ഞൾ | • അറബിക്കുതിര<br>• അന്തോണി എന്ന വള്ളക്കാരൻ<br>• അപ്പൂപ്പൻ<br>• മാപ്പിള കോലം<br>• പട്ടർ | • ഭൈരവി<br>• യക്ഷി<br>• പക്ഷി<br>• കാലൻകോലം<br>• മാടൻ<br>• മറുത | • കടമ്മനിട്ട<br>• ഏഴുമറ്റൂർ<br>• നാരങ്ങാനം<br>• ഇലന്തൂർ<br>• ഓതറ<br>• കോട്ടാങ്ങൽ<br>• വെട്ടൂർ<br>• ഇലന്തൂർ<br>• കുരമ്പാല<br>⋮ |

വിലയിരുത്തൽ.

## നാടൻ കലകൾ

- പാഠപുസ്തകത്തിൽ കണിയാർകളിയെക്കുറിച്ച് കൊടുത്ത കുറിപ്പ് വ്യക്തിഗത വായന
    - കുറിപ്പിന്റെ സവിശേഷതകൾ എന്തെല്ലാം.
- പറയുന്നത് ബോർഡിൽ എഴുതുന്നു.
    - കലയെക്കുറിച്ചുള്ള പ്രധാനവസ്തുതകൾ
    - ചുരുക്കി അവതരിപ്പിച്ചിരിക്കുന്നു
    - ലളിതമായ ഭാഷ
    -
- തങ്ങളുടെ പ്രദേശത്ത് പ്രചാരത്തിലുള്ള ഏതെങ്കിലുമൊരു നാടൻ കലയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൽ
- പരസ്പരം കൈമാറി വായന
- വിലയിരുത്തൽ
- മെച്ചപ്പെടുത്തിയെഴുതുന്നു.

രചനയിലെ മികവ് അധ്യാപിക വിലയിരുത്തുന്നു.

വിലയിരുത്തൽ

## ആൽബം

- ഈ യൂണിറ്റിൽ പരിചയപ്പെട്ട കലകളെയും കലാകാരന്മാരെയും ഉൾപ്പെടുത്തി ആൽബം തയ്യാറാക്കൽ
- ആൽബ മാതൃകകൾ പരിശോധന
    - ആൽബങ്ങളിൽ എന്തെല്ലാമുണ്ട്
        - ചിത്രങ്ങൾ
        - അടിക്കുറിപ്പുകൾ
        - ഉചിതമായ തലക്കെട്ടുകൾ
    - എങ്ങനെയാണ് ക്രമീകരിക്കുക
        - വിഷയമനുസരിച്ചോ, സ്വഭാവമനുസരിച്ചോ തരംതിരിച്ച്
        - ചിത്രങ്ങളുടെ വലുപ്പമനുസരിച്ച്
        -

- എങ്ങനെയൊക്കെ ആകർഷകമാക്കാം?
  - ബോർഡറുകൾ വരച്ചുചേർത്ത്
  - വല ആകൃതിയിൽ ക്രമീകരിച്ച്
  - ഇടയിൽ നിറം നൽകിയൊക്കെ.
  -
- തയ്യാറാക്കേണ്ട ആൽബത്തിൽ എന്തെല്ലാം ചിത്രങ്ങൾ ഉൾപ്പെടുത്താം ചർച്ച
  - പാഠഭാഗത്തു പരിചയപ്പെട്ട കലാകാരന്മാരുടെ
  - നാടൻ കലാരൂപങ്ങളുടെ
  - സംഗീതോപകരണങ്ങളുടെ.
  -
- വ്യക്തിഗതമായി തയ്യാറാക്കിയ ആൽബങ്ങൾ പ്രദർശനം
- മികച്ചവ തിരഞ്ഞെടുക്കുന്നു.

അധ്യാപികയുടെ വിലയിരുത്തൽ

വിലയിരുത്തൽ

എഴുത്തുകാരനെ അറിയാം

ഡി. വിനയചന്ദ്രൻ

പ്രതിഫലനാത്മകക്കുറിപ്പുകൾ

പടയണിപ്പാട്ടുകൾ

ഭാവവും താളവും മേളത്തിണങ്ങിയ അതിസുന്ദരങ്ങളായ കാവ്യങ്ങളാണ് പടയണിപ്പാട്ടുകൾ. കുരുവി മുതൽ വേദാന്തം വരെയുള്ള വിഷയങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഒരു കാലത്തെ ജനങ്ങളുടെ അതിജീവനത്തിന്റെ ശ്രമങ്ങൾ പടയണിപ്പാട്ടിലുടനീളം കാണാം. വായ്മൊഴിയായി തലമുറകൾ കൈമാറി വന്ന പടയണിപാട്ടുകൾ ഗുരുമുഖത്തു നിന്നു കേട്ടും അനുകരിച്ചും നേടിയെടുത്ത ശൈലിയാണുള്ളത്..

കുരുവിപ്പാട്ടിനെക്കുറിച്ച് പാഠപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് വൃക്ഷത്തിൽ മുട്ടയിട കുരുവിയെക്കുറിച്ചാണ്. എന്നാൽ 'അരുവഞ്ചി' എന്ന വൃക്ഷത്തിലാണ് കുരുവി മുട്ടയിട്ടത്. എന്നാണ് പടയണിപ്പാട്ടിൽ പറയുന്നത്. അരുവഞ്ചിയെ വൃക്ഷമായി തെറ്റിദ്ധരിച്ചതാകാം.

സഹായക ഗ്രന്ഥം: പടയണി. പ്രൊഫ: കടമ്മനിട്ട വാസുദേവൻ പിള്ള.